**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 279** **12-10-2026-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ല് സംഭരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ ഒന്നാം വിള നെൽകൃഷിയുടെ കൊയ്ത്ത് പല സ്ഥലങ്ങളിലും ആരംഭിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ഒന്നാം വിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

**മറുപടി:** 2005 ഒന്നാം വിള സീസൺ മുതൽ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നെല്ല് സംഭരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ആയി സപ്ലൈകോ പ്രവർത്തിച്ചു വരുന്നുണ്ട്.

ഒന്നാം വിള നെല്ല് സംഭരിക്കുന്നതിന് സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-

1. **കർഷക രജിസ്ട്രേഷൻ** :-

2026-27 ഒന്നാം വിള നെല്ല് സംഭരണത്തിനുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ 15.08.2026 മുതൽ ആരംഭിക്കുകയും 30.09.2026 വരെ തുടരുകയും ചെയ്തു. സപ്ലൈകോയുടെ നെല്ല് സംഭരണ പോർട്ടൽ മുഖേനയും അക്ഷയകേന്ദ്രങ്ങൾ വഴിയും കർഷകർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു.

2. **മില്ലുകളുടെ ക്രമീകരണം :-** കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് സമയബന്ധിതമായി മില്ലിങ് നടത്തി അരിയാക്കി നൽകുന്നതിനായി 2026-27 സീസണിൽ സപ്ലൈകോയ്ക്ക് വേണ്ടി നെല്ല് സംഭരിച്ച സംസ്കരിക്കുന്നതിന് മില്ലുടമകളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും മില്ലുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു

3.**മില്ലുടമകളുമായുള്ള ഏകോപനം** : നെല്ല് സംഭരണം സുഗമമായി നടത്തുന്നതിന് മില്ലുടമകളുടെ സംഘടനാ പ്രതിനിധികളുമായി യോഗങ്ങൾ നടത്തി ഏകോപനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

4.**ഫീൽഡ്തല ജീവനക്കാരുടെ വിന്യാസം**

പാലക്കാട് ജില്ലയിൽ 2026-27 സീസണിലെ നെല്ല് സംഭരണ പ്രവർത്തങ്ങൾക്കായി ഫീൽഡ് തലത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**5. താലൂക്ക് / പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രവർത്തന ഏകോപനം :**

പാലക്കാട് ജില്ലയിൽ വിവിധ താലൂക്കുകളിൽ സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസർ / പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ എന്നിവരുടെ സേവനം നിലവിലുണ്ട്. കർഷക രജിസ്ട്രേഷൻ, നെല്ലിന്റെ ഗുണനിലവാര പരിശോധന, സംഭരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ ഏകോപിക്കുന്നതിനുള്ള സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്.

**<u>6. ഓൺലൈൻ സംവിധാനം :-</u>**

കർഷക രജിസ്ട്രേഷൻ, നെല്ല് സംഭരണ വിവരങ്ങൾ, കൃഷി ഭവൻ വഴി സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ, മില്ലുകളുടെ അലോട്ട്മെന്റ് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി സപ്ലൈകോയുടെ നെല്ല് സംഭരണ പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**7.** കൊയ്ത്ത് ആരംഭിച്ച പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനുള്ള ഫീൽഡ് തല നടപടികൾ പുരോഗമിച്ച് വരുന്നു .

**(ബി)** നെല്ല് സംഭരണത്തിനായി മില്ലുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

**<u>മറുപടി:</u>** മില്ലുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2 മില്ലുകൾ ധാരണാപത്രം ഒപ്പിടുകയും 18മില്ലുകൾ കരാറിൽ ഏർപ്പെടുന്നതിന് സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ (DFPD) മാർഗ്ഗനിർദ്ദേശപ്രകാരം 2025-2026 നെല്ല് സംഭരണ സീസൺ രണ്ട് വിളകളായാണ് തിരിച്ചിട്ടുള്ളത്.

2025 സെപ്തംബർ മാസം മുതൽ 2026 മാർച്ച് 31 വരെ നെല്ല് സംഭരണം നടത്തി (സംഭരിച്ച നെല്ല് നിലവിൽ കുത്തിത്തീരേണ്ട കാലാവധി 2026 ജൂലൈ 31) മില്ലിങ് നടപടികൾ പൂർത്തീകരിക്കുന്ന ഒന്നാം വിളയും (ഖാരിഫ്), 2026 ഏപ്രിൽ 01 മുതൽ 2026 ജൂലായ് 31 വരെ നെല്ല് സംഭരണം നടത്തി (സംഭരിച്ച നെല്ല് നിലവിൽ കുത്തിത്തീരേണ്ട കാലാവധി 2027 ജനുവരി 31) മില്ലിങ് നടപടികൾ പൂർത്തീകരിക്കുന്ന രണ്ടാം വിളയും (റാബി) ഇതിൽ ഉൾപ്പെടുന്നു. ഒരു സീസണിലെ രണ്ട് വിളകളുടെയും കണക്കുകൾ പ്രത്യേകമായാണ് സൂക്ഷിക്കേണ്ടത്. ഓരോ വിളയുടെയും മില്ലിങ് അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം, മില്ലിങ് സമയം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അനുമതി കേന്ദ്ര ഭക്ഷ്യ-പൊതുവിതരണവകുപ്പിൽ നിന്നാണ് ലഭ്യമാക്കേണ്ടത്.

**(സി)** ഒന്നാം വിള നെല്ല് സംഭരണത്തിന്റെ തുക എപ്രകാരം കൃഷിക്കാർക്ക് ലഭ്യമാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

**<u>മറുപടി:</u>** നിലവിൽ ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള പി. ആർ.എസ് വായ്പ വഴിയാണ് സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ താങ്ങുവിലയും (എം.എസ്.പി) സംസ്ഥാന സർക്കാർ സംസ്ഥാന പ്രോത്സാഹന ബോണസും (എസ്.ഐ.ബി) അനുവദിക്കുന്ന മുറയ്ക്ക് സപ്ലൈകോ പി.ആർ.എസ് വായ്പ തുകയും പലിശയും തിരിച്ചടവ് വരുത്തുന്നു.

പി.ആർ.എസ്. വായ്പയായി അ നുവദിക്കാതെ നെല്ല് സംഭരിച്ച ഉടൻ കർഷകർക്ക് തുക അനുവദിക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നബാർഡ് ഫണ്ട് ഉപയോഗിക്കുന്നതിന്റെ സാധ്യതയും സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**